# Desabhimani
# 30 August 2018
# Alappuzha ; Crop Destruction



## 1368 കോടിയുടെ കൃഷിനാശം

**ആലപ്പുഴ**

പ്രളയക്കെടുതിയിൽ ആദ്യഘട്ട കണക്കെടുപ്പിൽ 1368 കോടി രൂപയുടെ വിളനാശമുണ്ടായതായി കൃഷിമന്ത്രി വി എസ് സുനിൽകുമാർ. ഏറ്റവും കൂടുതൽ കൃഷിനാശം കുട്ടനാട്ടിലാണെന്നും തലവടി നീരേറ്റുപുറത്ത് മന്ത്രി പറഞ്ഞു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളുടെ ചിലഭാഗങ്ങളിലാണ് വലിയ നാശം. പതിനായിരക്കണക്കിന് ഹെക്ടറിലെ വിരിപ്പ് കൃഷി പൂർണമായും നശിച്ചു. സുഗന്ധവ്യഞ്ജന കൃഷിയിലും വലിയ നഷ്ടമാണ്. തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലും നാശം വിവരണാതീതമാണ്. വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് കൃഷി പൂർണമായും നശിച്ചു. കുട്ടനാട് മേഖലയിൽ അറുപതോളം ബണ്ടുകൾ ആദ്യ മഴയിൽത്തന്നെ തകർന്നു. ഇത് പുനഃസ്ഥാപിക്കുന്ന സമയത്താണ് പ്രളയമുണ്ടായത്. അതോടെ ബണ്ടുകൾ പൂർണമായും തകർന്നു. ഒരുമാസം കഴിഞ്ഞാൽ മാത്രമേ കൃഷിയുടെ മൊത്തം നഷ്ടം കണക്കാക്കാനാകൂ. നൽകാവുന്ന നഷ്ടപരിഹാരം ഉടൻ നൽകും. അഞ്ചു കോടി രൂപ ആലപ്പുഴ ജില്ലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇത് ഉടൻ കർഷകരുടെ അക്കൗണ്ടിലെത്തും. പുഞ്ചകൃഷി ആരംഭിക്കാനിരിക്കുന്ന ഒക്ടോബർ മാസത്തേക്ക് വിത്തുകൾ സംഭരിച്ചിട്ടുണ്ട്. മണ്ണിന്റെ ഘടനയിൽ വന്ന മാറ്റം പഠിക്കാൻ കാർഷിക സർവകലാശാല സംഘത്തെ നിയോഗിക്കും. കൃഷിരീതിയിലും മാറ്റം വരും. നഷ്ടപരിഹാരം നൽകാനുള്ള കേന്ദ്രസർക്കാറിന്റെ ചട്ടങ്ങൾ മാറ്റണം. ഇപ്പോഴുള്ളത് തീരെ തികയില്ല. ഉപാധിരഹിത സഹായമാണ് അനുവദിക്കേണ്ടത്. കുട്ടനാടിന്റെ രണ്ടാം പാക്കേജ് നമ്മൾ തയ്യാറാക്കുകയാണെന്നും സ്വാമിനാഥൻ കമീഷന്റെ നിർദേശമനുസരിച്ചുതന്നെയാകും മുന്നോട്ടുപോകുകയെന്നും മന്ത്രി പറഞ്ഞു.